പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2364 — 23-03-2012-ൽ മറുപടിക്ക്

## നഗരവികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുരളീധരൻ:<br>ശ്രീ. വി.ഡി.സതീശൻ:<br>ശ്രീ. എ.റ്റി.ജോർജ്:<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ നഗരവികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് അറിയിക്കുമോ; | (എ) JNNURM, UIDSSMT, KSUDP, തലസ്ഥാന നഗരവികസന പദ്ധതി, ചെലവു കുറഞ്ഞ സമഗ്ര ശുചിത്വ പരിപാടി, സംയോജിത പാർപ്പിട ചേരിവികസന പദ്ധതി തുടങ്ങിയവ ശുചിത്വമിഷൻ, KSUDP എന്നീ നോഡൽ ഏജൻസികളിലൂടെ സമയബന്ധിതമായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ആയതിനായി കോർപ്പറേഷനുകളുടേയും നഗരസഭകളുടേയും പ്രവർത്തനങ്ങൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(സി) ആയതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (ബി) & (സി) കേരളത്തിൽ കോർപ്പറേഷനുകൾക്കും നഗരസഭകൾക്കും ഉൾപ്പെടെ 32 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം പരവൂർ, വൈക്കം, തലശ്ശേരി എന്നീ പട്ടണങ്ങളുടെ ഡെവലപ്മെന്റ് പ്ലാനുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഗുരുവായൂർ, പാല, ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നീ പട്ടണങ്ങളുടെ പ്രസിദ്ധീകരിച്ച ഡെവലപ്മെന്റ് പ്ലാനുകൾ അംഗീകരിക്കുവാനുള്ള നിയമ പ്രകാരമുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു. മലപ്പുറം, കാസർകോട് എന്നീ പട്ടണങ്ങളുടെ ഡെവലപ്മെന്റ് പ്ലാനുകൾ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊച്ചി, കൊല്ലം, അടൂർ എന്നീ പട്ടണങ്ങളുടെ കരട് ഡെവലപ്മെന്റ് പ്ലാനുകൾ പൂർത്തിയാക്കി അതാത് നഗരസഭയ്ക്ക്/ജോയിന്റ് ടൗൺ പ്ലാനിംഗ് കമ്മിറ്റിയ്ക്ക് തുടർ നടപടിയ്ക്കായി നൽകിയിട്ടുണ്ട്. തിരുവല്ല, തൃശ്ശൂർ, കണ്ണൂർ, പെരുമ്പാവൂർ, പാലക്കാട്, വടകര, കൽപ്പറ്റ, തൊടുപുഴ എന്നീ പട്ടണങ്ങളുടെ കരട് ഡെവലപ്മെന്റ് പ്ലാനുകൾ മുഖ്യ നഗരാസൂത്രകന്റെ പരിഗണനയിലാണ്. ബാക്കിയുള്ള 12 പട്ടണങ്ങളുടെ ഡെവലപ്മെന്റ് പ്ലാനുമായി ബന്ധപ്പെട്ട ജോലികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ